# പതിമൂന്നാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1078 01/07/2015 -ലെ മറുപടിയ്ക്ക്</u>

## <u>എച്ച്.എസ്.എസ്.ടി അദ്ധ്യാപക തസ്തികകളിലെ പ്രശ്നങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.പി.കെ .അബ് ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.എസ്.എസ്.ടി സീനിയർ, ജൂനിയർ വിഭാഗം അദ്ധ്യാപക തസ്തികകളിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നയം വ്യക്തമാക്കാമോ; | (എ) ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകർക്ക് പ്രമോഷൻ നൽകുന്നത് സംബന്ധിച്ച് ലബ്ബ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള 08/01/2015-ലെ ഉദ്യോഗസ്ഥതല യോഗത്തിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ എൻട്രി കേഡർ എച്ച്.എസ്.എസ്.റ്റി (ജൂനിയർ)-നെ പുന: നാമകരണം ചെയ്ത് എച്ച്.എസ്.എസ്.റ്റി ആക്കുവാനും എച്ച്.എസ്.എസ്.റ്റി തസ്തികയെ എച്ച്.എസ്.എസ്.റ്റി (സീനിയർ) എന്ന് പുന:നാമകരണം ചെയ്ത് എച്ച്.എസ്.എസ്.റ്റിയുടെ പ്രൊമോഷൻ തസ്തിക ആക്കുവാനും എച്ച്.എസ്.എസ്.റ്റി എച്ച്.എസ്.എസ്.റ്റി (സീനിയർ) എന്നീ തസ്തികകൾ 1:1 എന്ന അനുപാതത്തിൽ നിർണ്ണയിക്കുവാനും തീരുമാനിച്ചെങ്കിലും അദ്ധ്യാപക സംഘടനകൾ ഒന്നടങ്കം എതിരഭിപ്രായം ഉന്നയിച്ചതിനാൽ , നിലവിലുള്ള രീതി തന്നെ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) 2015 മെയ് 31 വരെയുള്ള കണക്ക് അനുസരിച്ച് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ എച്ച്.എസ്.എസ്.ടി ഹിന്ദി സീനിയർ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ 9 ഒഴിവുകൾ ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുമോ;എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു എന്നറിയിക്കാമോ? | (സി) | ഹിന്ദി സീനിയർ തസ്തികയിലെ നിലവിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രൊബേഷൻ പൂർത്തീകരിച്ച് പ്രൊമോഷന യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ ഹിന്ദി സീനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനുവേണ്ടി നീക്കിവെച്ചിരിക്കുകയാണ്. |

Vidyakumari

സെക്ഷൻ ഓഫീസർ